## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :620** **29.01.2019-ൽ മറുപടിക്ക്**

## മണീട് സർവ്വീസ് സഹകരണ ബാങ്ക്

**ചോദ്യം** | **മറുപടി**

**ശ്രീ.അനൂപ് ജേക്കബ്**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പിറവം നിയോജക മണ്ഡലത്തിലെ മണീട് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് ഏറ്റവും ഒടുവിൽ ഇലക്ഷൻ നടന്നത് എപ്പോഴാണെന്നും ഭരണസമിതിയുടെ കാലാവധി എന്നവസാനിച്ചുവെന്നും അറിയിക്കുമോ; | (എ) | മണീട് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് ഏറ്റവും ഒടുവിൽ 22/12/2013 ലാണ് ഇലക്ഷൻ നടന്നിട്ടുള്ളത്. ഭരണസമിതിയുടെ കാലാവധി 21/12/2018 ന് കഴിഞ്ഞിട്ടുള്ളതാണ്. സംഘത്തിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ളതാണ്. |
| (ബി) | തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെട്ട് മണീട് സഹകരണബാങ്കിൽ നിന്നും ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട രജിസ്ട്രാർ ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്; 22/10/2018 നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. ബാങ്കിലെ മൊത്തം 6718 അംഗങ്ങളിൽ 748 പേരുടെ വിവരങ്ങൾ സഹകരണ ചട്ടം 16A പ്രകാരമുള്ള 6(ബി) രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാലും 334 അംഗങ്ങളുടെ വിവരങ്ങൾ 6(ബി) രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ ഫോട്ടോ പതിച്ചിട്ടില്ലാത്തതിനാലും മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും ഇലക്ഷന് ശുപാർശ ചെയ്യുതിരുന്നില്ല. ആയതിനാൽ സഹകരണ ഇലക്ഷൻ കമ്മീഷൻ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. |
| (സി) | ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത്; അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | |
| (ഡി) | തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ; അതിന്മേൽ സഹകരണ ഇലക്ഷൻ കമ്മീഷൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. സഹകരണ ഇലക്ഷൻ കമ്മീഷൻ ഇലക്ഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. |
| (ഇ) | നാളിതുവരെയും ഇലക്ഷൻ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കുമോ? | (ഇ) | 6(ബി) രജിസ്റ്റർ കൃത്യവും പൂർണ്ണവുമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്യാതിരുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലാണ് ഇലക്ഷൻ നടപടികൾ ആരംഭിക്കാത്തത്. |

**സെക്ഷൻ ഓഫീസർ**